# ദനഹാക്കാലം

## വചന വിചിന്തനം

### അഞ്ചാം ഞായർ

യോഹ 3,1-21

**"അറിഞ്ഞത് കൈയ്യളവ്,**
**അറിയാനുള്ളത് കടലറിവ്!"**

'ഞാൻ ലോകത്തിന്റെ പ്രകാശമാകുന്നു, എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല' (യോഹ 8,12) എന്നരുൾ ചെയ്ത ക്രിസ്തുവിൽ നിന്ന് നിത്യജീവന്റെ സൂത്രവാക്യം സ്വന്തമാക്കാൻ ഇറങ്ങിതിരിക്കുന്ന നിക്കോദേമോസ്. വചനം ഉറപ്പിച്ച് ചോദിക്കുന്നു, 'ഇന്നിന്റെ ലോകത്ത് മറ്റൊരു നിക്കോദേമോസ് ആയി മാറ്റപ്പെടാൻ നിനക്ക് സാധിക്കുമോ?' കാരണം, അടുത്തറിഞ്ഞ അനുഭവിച്ചറിഞ്ഞ ക്രിസ്തുവിൽ നിന്നുളള ക്രിസ്തീയ വിശ്വാസത്തിലേയ്ക്കും ക്രിസ്തീയ സാക്ഷ്യത്തിലേയ്ക്കുമുളള വളർച്ചയെ നിക്കോദേമോസിൽ കണ്ടെത്തുവാൻ സാധിക്കും.

സൂര്യനെ കണ്ട
റാന്തൽവിളക്ക്
അൽഭുതത്തോടെ
നോക്കിനിൽക്കുന്നതു
പോലെ
ലോകഗുരുവിന്റെ മുമ്പിൽ
ഇസ്രായേലിന്റെ ഗുരു
നിശബ്ധനാവുകയാണ്...
ആത്മാവിനാൽ
വീണ്ടും ജനിച്ചപ്പോൾ
അവൻ വചനത്തിന്
സാക്ഷിയാവുകയാണ്!

വർഷങ്ങളായി ഗുരുവിന്റെ പാദാന്തികത്തിലിരുന്ന്, ഗുരുവിനെ സ്നേഹിച്ചും സേവിച്ചും സത്യദൈവത്തെ മനസിലാക്കിയ ശിഷ്യൻ ഒരു ദിവസം ഗുരുവിനോട് പറഞ്ഞു, "നമ്മളൊക്കെ ഭാഗ്യവൻമാരാണല്ലേ! ദൈവത്തെ അറിയാനും അനുഭവിക്കാനും നമ്മുക്ക് സാധിക്കുന്നു. അതുവഴി, വിശുദ്ധി സ്വന്തമാക്കാനും നന്മകൾ ചെയ്യാനും കുറവുകൾ ഇല്ലാതെ ജീവിക്കാനും നമുക്ക് സാധിക്കുന്നു. ഉറപ്പാണ്, നമുക്കൊക്കെ സ്വർഗ്ഗം സ്വന്തമാക്കാൻ പറ്റും!"

ഇതു കേട്ട ഗുരു തന്റെ പ്രിയശിഷ്യന്റെ മുഖത്ത് നോക്കി ഒരു ചെറുപുഞ്ചിരി സമ്മാനിച്ചിട്ട് ഇപ്രകാരം പറഞ്ഞു, "ദൈവത്തെ അറിഞ്ഞ് നന്മകൾ പ്രവർത്തിക്കുന്നവർക്കുമാത്രമല്ല സ്വർഗ്ഗസൗഭാഗ്യം. മറിച്ച്, ദൈവത്തെ അറിഞ്ഞ് തന്റെ കുറവുകളെ അതിജീവിക്കാൻ പരിശ്രമിക്കുന്നവർക്കും കൂടിയുള്ളതാണ് സ്വർഗ്ഗരാജ്യം!"

എങ്കിൽ, ഒന്നുറപ്പാണ്, ഫരിസേയരിൽ യഹൂദപ്രമാണിയായിരുന്ന നിക്കോദേമൂസിന് സ്വർഗ്ഗഭാഗ്യം സ്വന്തമാക്കാൻ സാധിച്ചിട്ടുണ്ടാകണം. കാരണം, തന്റെ കുറവുകളെ അതിജീവിക്കുന്ന വിശുദ്ധി സ്വന്തമാക്കാൻ അവൻ എത്തിചേർന്നിരിക്കുന്ന ഇടം കർത്താവിന്റെ തിരുസന്നിധിയാണ്. നിക്കോദേമൂസ് കർത്താവിനെ അഭിസംബോധന ചെയ്യുന്ന പദം ഏറെ പ്രത്യേകതകൾ നിറഞ്ഞതാണ്, "റബ്ബീ" (3,2). "റബ്ബീ" എന്ന ഗ്രീക്ക് വാക്കിന്റെ അർത്ഥം "ഗുരു" എന്നാണ്. "ഗുരു" എന്ന വാക്കിന്റെ അർത്ഥം "അന്ധകാരം അകറ്റുന്നവൻ" എന്നാണ്. ക്രിസ്തു കൂടാരതിരുനാളിൽ ലോകത്തിന് തന്നെ തന്നെ വെളിപ്പെടുത്തുന്നത്, "ഞാൻ ലോകത്തിന്റെ പ്രകാശമാണ്" (8,12) എന്ന് പറഞ്ഞാണ്. എങ്കിൽ, ക്രിസ്തു സ്വയമേവ ഈ ലോകത്തിന് വെളിപ്പെടുത്തുന്നതിന് മുമ്പ് തന്നെ ക്രിസ്തു അന്ധകാരത്തെ അകറ്റുന്ന ഗുരുവാണെന്ന് തിരിച്ചറിഞ്ഞവനാണ് നിക്കോദേമൂസ്.

ഈ ചിന്തയെ പ്രബലപ്പെടുത്തുന്ന ഒരു സാഹചര്യത്തെയാണ് സുവിശേഷകൻ നമുക്ക് പരിചയപ്പെടുത്തുന്നത്. അന്ധകാരനിബിഢമായ രാത്രിയിലാണ് നിക്കോദേമൂസ് കർത്താവിനെ തേടി വരുന്നുത്. വചനം സാക്ഷ്യപ്പെടുത്തുന്നത്, "നിക്കോദേമൂസ് രാത്രി യേശുവിന്റെ അടുത്ത് വന്നു" (3,1) എന്നാണ്. ഇരുട്ട് പ്രകാശത്തോട് പറയുന്നതുപോലെ നിക്കോദേമൂസ് ക്രിസ്തുവിനോട് പറയുകയാണ്, 'റബ്ബീ, എന്നിലെ അന്ധകാരത്തെ അകറ്റണമെ!" മറ്റെല്ലാ പ്രകാശവും അപേഷികം മാത്രമാണെന്നും ക്രിസ്തുമാത്രമാണ്

നിത്യപ്രകാശവുമെന്ന തിരിച്ചറിവാണ് ഫരിസേയരിൽ യഹൂദപ്രമാണിയായിരുന്ന നിക്കൊദേമൂസിനെ കർത്താവിന്റെ സന്നിധിയിലേയ്ക്ക് എന്നതിക്കുന്നത്. ഇന്ന് പലപ്പോഴും ക്രിസ്തു സത്യപ്രകാശമായ ഗുരുവാണെന്നുള്ള തിരിച്ചറിവ് നഷ്ടപ്പെടുന്നതുകൊണ്ടാണ് അവന്റെ സന്നിധിയിൽ എത്തിച്ചേരാനോ അവനിൽനിന്ന് പ്രകാശം സ്വന്തമാക്കാനോ നമുക്ക് സാധിക്കാത്തത്. അതുകൊണ്ട് പലപ്പോഴും നമ്മുടെ ജീവിതത്തെ അന്ധകാരത്തിൽനിന്ന് അന്ധകാരത്തിലേയ്ക്ക് നാം തിരിച്ച് വിടുന്നു.

"പ്രകാശമുള്ളവനെ പ്രകാശത്തിന്റെ മക്കളെപ്പോലെ ജീവിക്കാൻ സാധിക്കു!" കരിക്കട്ട കനലിൽനിന്ന് പ്രകാശം സ്വന്തമാക്കുന്നതുപോലെ ക്രിസ്തുവാകുന്ന കനലിനോട് ചേർന്ന് നിന്ന് അവനിൽ നിന്ന് പ്രകാശം സ്വന്തമാക്കാനും ലോകത്തിന്റെ പ്രകാശമായ് മല മുകളിൽ ഉയർത്തപ്പെട്ട ദീപം പോലെ ലോകത്തിന്റെ പ്രകാശമായി മാറ്റപ്പെടാനും ഓരോ വ്യക്തിക്കും സാധിക്കണം. കുട്ടിയായിരിക്കുമ്പോൾ വികാരിയച്ചൻ "പ്രകാശമുള്ളവനെ പ്രകാശത്തിന്റെ മക്കളെപ്പോലെ ജീവിക്കാൻ സാധിക്കു!" എന്നതിനെ സാധൂകരിക്കാൻ പറഞ്ഞ ഒരു സംഭവം ഇന്നു ഓർമ്മയിലുണ്ട്.

*നിക്കൊദേമൂസ് ക്രിസ്തുവിന്റെ സന്നിധിയിൽ എത്തിനിൽക്കുന്നു. കാരണം, തന്റെ ദർശനങ്ങളും ചിന്തകളും വികലമാണ്. അപൂർണ്ണതകളെ പരിഹരിക്കുന്ന ഇവൻ വേണം ഇവയെ ശരിയാക്കാൻ!*

സംഭവസ്ഥലം 1980 കളിലെ ഒരു വിവാഹവീടാണ്. വീട്ടുക്കാരും നാട്ടുക്കാരും ഉൾപ്പെടെ ഒരുപാടുപേരെ വിവാഹത്തിന് ക്ഷണിച്ചിട്ടുണ്ട്. അറിയപ്പെടുന്ന വ്യക്തിയുടെ വിവാഹമായിരുന്നത് കൊണ്ടുതന്നെ ഒരുപാടുപേർ വിവാഹഘോഷങ്ങളിൽ പങ്കെടുക്കാൻ എത്തിയിട്ടുണ്ട്. ആഘോഷങ്ങൾ തകൃതിയായ് നടക്കുകയാണ്. പെട്ടനാണ് നിനച്ചിരിക്കാതെ വീട്ടിലെ വലിയ ഒരു മാവിൻ കഷണം ഒടിഞ്ഞ് വീണ് 'കറണ്ട്' (വൈദ്യുതി ബന്ധം) നഷ്ട പ്പെടുന്നത്. എല്ലാവർക്കും വലിയ ആധിയായ്. ഉടനെ കുടുംബനാഥൻ വീട്ടിലെ ഏറ്റവും ഇളയ ചെറുക്കനെ (അവൻ നാലാം ക്ലാസിൽ പഠിക്കുന്നു) വിളിച്ച് അവന്റെ കൈയിൽ റാന്തൻ വിളക്ക് കത്തിച്ച് കൊടുത്തിട്ടു പറഞ്ഞു, 'മോനെ, ഇതു കൊണ്ടുപോയി ഉമറപ്പടി യിൽ വയ്ക്കുക. വീട്ടിലേയ്ക്ക് കയറിവരുന്നവർ പ്രകാശം കണ്ട്, ഇരുട്ടിൽ തട്ടിവീഴാതെ കയറി വരട്ടെ" എന്ന്.

അവന് വലിയ സന്തോഷമായി. കാരണം, വല്ലേച്ചിയുടെ വിവാഹമായിട്ട് എനിക്കൊരു പണിയുമില്ല എന്നുപറഞ്ഞ് പരിതപിച്ച് നിൽക്കുകയായിരുന്നു അവൻ. അവൻ വലിയ സന്തോഷത്തോടെ റാന്തൽ വിളക്കുമായി ഉമറപ്പടിയിൽ എത്തി. അവൻ അവിടെ കുറച്ച് നേരം നിന്നിട്ട് ആ റാന്തൽ വിളക്കുമായി 'ഗൈറ്റി'ന്റെ (പടി) അടുത്തേയ്ക്ക് പോയി. അതിനുശേഷം, വീടിന്റെ ഓരോ മുറികളിലേയ്ക്കും റാന്തൽ വിളക്കുമായ് അവൻ പ്രദക്ഷിണം നടത്തുകയാണ്. അവസാനം ഈ റാന്തൽ വിളക്കുമായ് അവൻ ചെന്നെത്തിയത് അപ്പന്റെ മുമ്പിലും. അപ്പൻ ഇത് കണ്ടമാത്രയിൽ ദ്വേഷവും സങ്കടവും ഒരുമിച്ച് വന്നു. മകനെ വിളിച്ച് ദ്വേഷ്യത്തോടും സങ്കടത്തോടും കൂടെ നന്നായി ശകാരിക്കുകയും രണ്ട് 'തല്ല്" വച്ചുകൊടുക്കുകയും ചെയ്തു. ഇതെല്ലാം കഴിഞ്ഞ് അപ്പൻ ശാന്തമായപ്പോൾ അവൻ ചെന്ന് അപ്പനോട് വളരെ നിഷ്കളങ്കമായി പറയുകയാണ്;

"അപ്പച്ചാ, കരണ്ട് പോയപ്പോൾ വെളിച്ചമില്ലാത്തത്കൊണ്ടാണല്ലോ, അപ്പച്ചൻ റാന്തൽ വിളക്ക് കത്തിച്ച് എന്റെ കൈയിൽ തന്നിട്ട് ഉമറപ്പടിയിൽ കൊണ്ടുചെന്ന് വയ്ക്കാൻ പറഞ്ഞത്. ഞാൻ റാന്തൽ വിളക്കുമായ് ഉമറപ്പടിയിൽ എത്തിയപ്പോൾ അവിടെ നല്ല പ്രകാശം ഉണ്ടായിരുന്നു. അപ്പോൾ, ഞാൻ കരുതി വെളിച്ചമില്ലാത്ത ഗൈറ്റിന്റെ അടുത്തുകൊണ്ട് ചെന്ന് റാന്തൽ വിളക്ക് വയ്ക്കാമെന്ന്. പക്ഷെ, ഞാൻ അവിടെ എത്തിയപ്പോൾ അവിടെയും നല്ല പ്രകാശമുണ്ടായിരുന്നു. അതിനുശേഷം പ്രകാശമില്ലാത്ത ഇടം തേടി ഓരോ മുറിയിലേയ്ക്കും ഞാൻ പോയി അവിടെയെല്ലാം പ്രകാശമുണ്ടായിരുന്നു. ഇനി ഈ റാന്തൽ വിളക്ക് ഞാൻ എവിടെയാണ് വയ്ക്കേണ്ടത്, അപ്പാ?"

മകന്റെ വളരെ നിഷ്കളങ്കമായ മറുപടി കേട്ടപ്പോൾ അപ്പന്റെ ദ്വേഷ്യവും അമർഷ

വുമെല്ലാം അസ്തമിച്ചു. അപ്പൻ മകനെ സ്നേഹപൂർവ്വം ചേർത്തുപിടിച്ചിട്ട് പറഞ്ഞു;

"മോനെ, നിന്റെ കൈയിൽ പ്രകാശമുണ്ടായിരുന്നതുകൊണ്ടാണ് നീ ചെല്ലുന്ന ഇടങ്ങളിലെല്ലാം പ്രകാശമുള്ളതുപോലെ നിനക്ക് തോന്നിയത്. പ്രകാശം നിന്റെ കൈയിലായിരുന്നു. അതുകൊണ്ട് നീ അവിടം വിട്ടപ്പോൾ പ്രകാശവും അവിടം വിട്ടു!"

ഇത് ഒരുപക്ഷെ സാങ്കൽപ്പിക കഥയോ സത്യമോ ആകാം. പക്ഷെ, ഇതു പങ്കുവയ്ക്കുന്ന ചിന്ത ഏറെ അഭിനന്ദനാർഹം തന്നെയാണ്. "പ്രകാശമുള്ളവനെ പ്രകാശത്തിന്റെ മക്കളെപ്പോലെ ജീവിക്കാനും, ആ പ്രകാശം പങ്കുവയ്ക്കാനും സാധിക്കൂ. അവൻ/അവൾ കടന്ന് ചെല്ലുന്ന ഇടങ്ങളെല്ലാം പ്രകാശമാനമായിരിക്കും!" ഇത്തരുണത്തിൽ നിത്യപ്രകാശമായ ക്രിസ്തുവിൽ നിന്ന് പ്രകാശം സ്വന്തമാക്കിയ നിക്കൊദേമോസ് പ്രകാശത്തിന്റെ മകനെപ്പോലെ ജീവിക്കുന്നതായിട്ടാണ് വചനം പിന്നീട് സാക്ഷ്യപ്പെടുത്തുന്നത്. തുടർന്ന്, രണ്ട് ഭാഗങ്ങളിൽകൂടി നിക്കൊദേമോസിനെ വചനം നമുക്ക് പരിചയപ്പടുത്തുന്നുണ്ട്.

1. യോഹ 3,2 : അന്ധകാരത്തിൽ നിന്ന് പ്രകാശത്തിലേയ്ക്ക് നയിക്കണമേ എന്നുള്ള പ്രാർത്ഥനയുമായ് കർത്താവിന്റെ സന്നിധിയിൽ എത്തുന്ന നിക്കൊദേമൂസ്.

2. യോഹ 7,50 : സാൻഹെദ്രിനിൽ കർത്താവിനു വേണ്ടി വാദിക്കുകയും തർക്കിക്കുകയും ചെയ്യുന്ന നിക്കൊദേമൂസ്.

3. യോഹ 19,39 : യഹൂദർ പീഢിപ്പിച്ച് കുരിശിൽ തറച്ച് കൊന്ന കർത്താവിനെ സംസ്ക്കരിക്കാനായ് ധൈര്യപൂർവ്വം കടന്നുവരുന്ന നിക്കൊദേമൂസ്.

"അനുഭവിച്ചറിഞ്ഞ വിശ്വാസത്തിന് സാക്ഷ്യം നൽകുന്ന" നിക്കൊദേമൂസിന്റെ ക്രമാനുഗതമായ വളർച്ചയാണ് ഈ സുവിശേഷഭാഗങ്ങളിലൂടെ സുവിശേഷകൻ സാക്ഷ്യപ്പെടുത്തുന്നത്. നമ്മളെല്ലാം കത്തോലിക്കരാണ് ക്രിസ്ത്യാനികളാണ് ക്രിസ്തു അനുയായികളും ക്രിസ്തുവിൽ വിശ്വസിക്കുന്നവരുമാണ്. പക്ഷെ, അനുഭവിച്ചറിഞ്ഞ വിശ്വാസത്തിന് സാക്ഷ്യം നൽകാൻ ഞാൻ തയ്യാറാണ് എന്ന് നമ്മളിൽ എത്രപേർ സ്വരക്തത്താൽ എഴുതി ഒപ്പിട്ട് തരും? "ക്രിസ്തുവിന് ഇന്നാവിശ്യം വിശ്വാസികളെ മാത്രമല്ല. മറിച്ച്, സാക്ഷികളെ കൂടിയുമാണ്!"

സാക്ഷികളാകാനുള്ള മരുന്നും ക്രിസ്തു തന്നെ തരുന്നുണ്ട്, "വീണ്ടും ജനിക്കുക" (യോഹ3,3). ജനനം രണ്ട് വിധത്തിലുണ്ട്;

1. അമ്മയുടെ ഉദരത്തിൽ പോയി വീണ്ടും കിടന്നിട്ട് ജനിക്കുക. ഒരു പരിധിവരെയെങ്കിലും ഈ അർത്ഥത്തിലാണ് ക്രിസ്തു "വീണ്ടും ജനിക്കണം" എന്നു പറഞ്ഞപ്പോൾ നിക്കൊദേമോസ് മനഃസിലാക്കിയത്.

2. ദൈവത്തിൽ നിന്നുള്ള ജനനം. ദൈവത്തിൽ നിന്ന് ജനിക്കുന്നവൻ ജീവിതത്തിൽ ഉണ്ടാക്കേണ്ട വിപ്ലവകരമായ പരിവർത്തനങ്ങളെയാണ് ക്രിസ്തു അർത്ഥമാക്കുന്നത്. ദൈവത്തിൽ നിന്ന് ജനിക്കുന്നവൻ ദൈവത്തെപ്പോലെ പെരുമാറും. അവന്/അവൾ ഈ ലോകത്തോട് സമരസപ്പെട്ട് ജീവിക്കാൻ സാധിക്കില്ല. പലപ്പോഴും ദൈവത്തിൽ നിന്ന് ജനിക്കാത്തത് കൊണ്ടാണ് ഈ ലോകത്തോട് 'കോമ്പ്രമൈസ്' (അനുരഞ്ജനപ്പെട്ട്) ചെയ്ത് ദൈവത്തെ മാറ്റി നിറുത്തി നാം ജീവിക്കുന്നത്.

***"ദൈവത്തിൽ നിന്നുള്ള ജനനം ആത്മാവിൽ നിന്നുള്ള ജനനമാണ്.***
***ആത്മാവിന്റെ അഭിഷേകമില്ലാത്തവർക്ക് പ്രകാശത്തിന്റെ മക്കളെപ്പോലെ വ്യാപരിക്കാൻ സാധിക്കില്ല!"***

ഫാ. ജോബി മെനേത്ത് : +91 944 7777 931

നിക്കൊദേമൂസ്
ഒരു നല്ല ശിഷ്യൻ.
കാരണം,
1.തേടി വരുന്നു
2.സംസാരിക്കുന്നു
3.സംശയങ്ങൾ ചോദിക്കുന്നു.
4.വിനീതനായ് നിൽക്കുന്നു
5.നിശബ്ധനാകുന്നു.

**എന്നിലെ ശിഷ്യനോ?**